2024
JANUARY
01
THURSDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

## തോഷാഖാന അഴിമതി കേസിൽ ഇമ്രാൻ ഖാനും ഭാര്യയ്ക്കും 14 വർഷം തടവ്



**ലഹോർ:** തോഷാഖാന അഴിമതി കേസിൽ പാക്കിസ്ഥാൻ മുൻ പ്രധാനമന്ത്രി ഇമ്രാൻ ഖാനും ഭാര്യ ബുഷ്റ ബീവിയ്ക്കും 14 വർഷം തടവ് ശിക്ഷ വിധിച്ച് ഇസ്ലാമാബാദ് കോടതി. 10 വർഷത്തേക്ക് തിരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിൽ നിന്നും കോടതി വിലക്കി.787 ദശലക്ഷം പാക്കിസ്ഥാനി രൂപ പിഴയും വിധിച്ചിട്ടുണ്ട്. ഇമ്രാൻഖാൻ പ്രധാനമന്ത്രിയായിരുന്ന 2018,2022 കാലത്തു വിദേശത്ത്നിന്നു ലഭിച്ച 14 കോടി പാക്കിസ്ഥാൻ രൂപ വിലവരുന്ന സമ്മാനങ്ങൾ കുറഞ്ഞവിലയ്ക്കു സർക്കാർ ഖജനാവിൽ നിന്നും ലേലത്തിൽ വാങ്ങിയ ശേഷം മറിച്ചുവിറ്റുവെന്നതാണ് കേസ്. തോഷാഖാന എന്നാൽ ഖജനാവ് എന്നാണ് അർഥം. രഹസ്യസ്വഭാവമുള്ളതും രാജ്യസുരക്ഷയെ ബാധിക്കുന്നതുമായ രേഖകൾ പരസ്യമാക്കിയ കേസിൽ ഇമ്രാൻ ഖാനെ ഇന്നലെ 10 വർഷത്തേക്ക് കോടതി ശിക്ഷിച്ചിരുന്നു. ഇതിനുപിന്നാലെയാണ് തോഷാഖാന കേസിൽ കോടതിവിധി വരുന്നത്. ഇമ്രാന് പുറമെ മുൻ വിദേശകാര്യമന്ത്രി ഷാ മഹമൂദ് ഖുറേഷിക്കും കോടതി ഇന്നലെ പത്ത് വർഷം തടവ് വിധിച്ചിരുന്നു.

കഴിഞ്ഞ ഓഗസ്റ്റിൽ അറസ്റ്റിലായ ഇമ്രാൻഖാൻ ഇപ്പോൾ ജയിലിലാണ്. ഫെബ്രുവരി എട്ടിന് പാക്കിസ്ഥാനിൽ പൊതുതിരഞ്ഞെടുപ്പ് നടക്കാനിരിക്കെയാണ് സുപ്രധാന വിധികൾ എന്നതാണ് ശ്രദ്ധേയം.



# കേന്ദ്ര പൊതുബജറ്റ് ഇന്ന്

## ജനപ്രിയ പ്രഖ്യാപനങ്ങളുണ്ടായേക്കും

**ന്യൂഡൽഹി:** ലോക്സഭാ തെരഞ്ഞെടുപ്പിനു തൊട്ടുമുന്പായുള്ള കേന്ദ്ര പൊതുബജറ്റ് ഇന്ന്. ലോക്സഭയിൽ ഇന്നു രാവിലെ 11ന് ധനമന്ത്രി നിർമല സീതാരാമൻ അവതരിപ്പിക്കുന്ന ഇടക്കാല ബജറ്റിൽ (വോട്ട് ഓൺ അക്കൗണ്ട്) ഇടത്തരം വരുമാനക്കാരെയും വൻകിട വ്യവസായികളെയും സന്തോഷിപ്പിക്കുന്ന ജനപ്രിയ പ്രഖ്യാപനങ്ങൾക്കായി രാജ്യം കാത്തിരിക്കുന്നു.

പ്രത്യേക റെയിൽ ബജറ്റ് നിർത്തലാക്കിയതിനാൽ റെയിൽവേയുടെ പ്രഖ്യാപനങ്ങളും ബജറ്റിലുണ്ടാകും. ഡിജിറ്റലായുള്ള ബജറ്റ് അവതരണം തത്സമയ സംപ്രേഷണം ഉണ്ടാകും. എംപിമാർക്ക് ഉൾപ്പെടെ ബജറ്റ് രേഖകൾ ഇൻറർനെറ്റിലാകും നൽകുക.വാർഷിക സാന്പത്തിക പ്രസ്താവന, ഗ്രാൻറുകൾ, ധനകാര്യ ബിൽ എന്നിവ ഉൾപ്പെടെ 14 കേന്ദ്ര ബജറ്റ് രേഖകളും 'യൂണിയൻ ബജറ്റ് മൊബൈൽ ആപ്പ്' വഴിയും ൦൦൦.ശിറശമയൗറഴല. ഴ്ി.ശി ലും ലഭിക്കും. ലോക്സഭാ തെരഞ്ഞെടുപ്പിനു ശേഷം ജൂലൈയിലാകും സന്പൂർണ ബജറ്റ്. നിർമലയുടെ ആറാമത്തെ ബജറ്റാണിത്.

തെരഞ്ഞെടുപ്പിൽ വോട്ടർമാരെ ലക്ഷ്യമിടുന്ന പ്രഖ്യാപനങ്ങൾക്കിടയിലും ഇന്ത്യയെ വികസിത സന്പദ്ഘടന ആക്കുന്നതിനും ബജറ്റ് ശ്രദ്ധിച്ചേക്കും.



## വാണിജ്യ സിലിണ്ടറിന്റെ വില 15 രൂപ കൂട്ടി; പുതിയ നിരക്ക് ഇന്നു മുതൽ

**ന്യൂഡൽഹി:** വാണിജ്യാവശ്യത്തിനുള്ള എൽപിജി പാചകവാതക സിലിണ്ടറിന്റെ വില 15 രൂപ വർധിപ്പിച്ചു. പുതുക്കിയ നിരക്ക് ഇന്നു മുതൽ നിലവിൽ വരും. ഗാർഹിക സിലിണ്ടറുകളുടെ വിലയിൽ മാറ്റമില്ല. കേന്ദ്ര ബജറ്റ് ഇന്നു അവതരിപ്പിക്കാനിരിക്കെയാണ് വാണിജ്യ സിലിണ്ടറുകളുടെ വില എണ്ണക്കമ്പനികൾ വർധിപ്പിച്ചത്.

നവംബറിൽ വാണിജ്യാവശ്യത്തിനുള്ള എൽപിജി പാചകവാതക സിലിണ്ടറിന്റെ വില 57.50 രൂപ കുറച്ചിരുന്നു. അതിനു മുൻപ് രണ്ടു മാസത്തിനിടെ വാണിജ്യ സിലിണ്ടറിന് 304 രൂപയാണ് കമ്പനികൾ വർധിപ്പിച്ചത്.

## മുഖ്യമന്ത്രിയുടെ മകൾ വീണയ്ക്ക് കുരുക്ക്; അന്വേഷണം എസ്എഫ്ഐഒയ്ക്ക് കൈമാറി



**തിരുവനന്തപുരം:** മുഖ്യമന്ത്രി പിണറായി വിജയൻറെ മകൾ ടി.വീണയുടെ കമ്പനിയായ എക്സാലോജിക്കിനെതിരായ സാമ്പത്തിക കേസ് അന്വേഷണത്തിൽ വഴിത്തിരിവ്. എക്സാലോജിക്കിനെതിരെ നടക്കുന്ന റജിസ്ട്രാർ ഓഫ് കമ്പനീസിന്റെ (ആർഒസി) അന്വേഷണം സീരിയസ് ഫ്രോഡ് ഇൻവെസ്റ്റിഗേഷൻ ഓഫിസിന് (എസ്എഫ്ഐഒ) കൈമാറി. കോർപറേറ്റ് മന്ത്രാലയമാണ് കേസ് എസ്എഫ്ഐഒയ്ക്കു കൈമാറിയത്. ഇതുസംബന്ധിച്ച ഉത്തരവിറങ്ങി.

ആറംഗ സംഘമാണ് അന്വേഷണം നടത്തുക. എട്ടുമാസത്തിനകം അന്വേഷണം പൂർത്തിയാക്കും. എക്സാലോജിക്കിന് എതിരായ എസ്എഫ്ഐഒ അന്വേഷണ പരിധിയിൽ പൊതുമേഖലാ സ്ഥാപനമായ കെഎസ്ഐഡിസിയും ഉൾപ്പെടും. എക്സാലോജിക്ക്സിഎംആർഎൽ ഇടപാട് അന്വേഷണവും എസ്എഫ്ഐഒയുടെ പരിധിയിലായിരിക്കും.

മകൾ ബിസിനസ് തുടങ്ങിയത് ഭാര്യ കമലയുടെ പെൻഷൻ തുക ഉപയോഗിച്ചാണെന്നായിരുന്നു സാമ്പത്തിക പ്രതിസന്ധിയുമായി ബന്ധപ്പെട്ട് നടന്ന അടിയന്തരപ്രമേയ ചർച്ചയിൽ മുഖ്യമന്ത്രി പറഞ്ഞത്. തനിക്കും കുടുംബത്തിനും എതിരെ ഉയരുന്ന ആരോപണങ്ങൾ വ്യാജമാണെന്നും ഒരു ആരോപണവും ഏശില്ലെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. ഇതിനു പിന്നാലെയാണ് എസ്എഫ്ഐഒ അന്വേഷണത്തെപ്പറ്റിയുള്ള വിവരങ്ങൾ പുറത്തുവന്നത്.



# സാംസങ്ങും ഐ.ഐ.ടി.കാൺപൂരും ധാരണാപത്രം ഒപ്പുവച്ചു



**കൊച്ചി :** നൂതന സാങ്കേതികമേഖലകളിലുൾപ്പെടെയുള്ള സഹകരണം ലക്ഷ്യമിട്ട് നോയ്ഡയിലെ സാംസങ് റിസർച്ച് ആൻഡ് ഡെവലപ്പ്മെന്റ് (ആർ ആൻഡ് ഡി) ഇൻസ്റ്റിറ്റ്യൂട്ടും കാൺപൂരിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയും (ഐ.ഐ.ടി.കെ.) ധാരണാപത്രത്തിൽ ഒപ്പിട്ടു. ഗവേഷണം, ശേഷി വികസനം ഉൾപ്പെടെയുള്ള മേഖലകളിലേക്ക് അഞ്ചുവർഷം നീളുന്ന സഹകരണമാണ് ലക്ഷ്യമിടുന്നത്.

പഠിച്ചിറങ്ങുന്ന വിദ്യാർത്ഥികളെ തൊഴിൽ സജ്ജരാക്കുകയെന്ന ലക്ഷ്യത്തോടെയാണ് പദ്ധതി. കാൺപൂർ ഐ.ഐ.ടിയിലെ വിദ്യാർത്ഥികളും അധ്യാപകരും സാംസങ്ങിലെ എൻജിനീയർമാരും ചേർന്നുള്ള സംയോജിത പഠന ഗവേഷണ പ്രവർത്തനങ്ങൾ ഇതിലുൾപ്പെടുന്നു. ഇന്നത്തെ തൊഴിൽ മേഖല ആവശ്യപ്പെടുന്ന തരത്തിലുള്ള കഴിവുകൾ വിദ്യാർത്ഥികളിൽ വികസിപ്പിക്കുന്നതിന് ഇത് സഹായകമാകും. ആരോഗ്യം, വിഷൽ, ഫ്രെയിംവർക്ക്, ബി2ബി സെക്യൂരിറ്റി, പുത്തൻ സാങ്കേതികമേഖലകളായ ജനറേറ്റീവ് ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ക്ലൗഡ് എന്നിവയിലേക്ക് നീളുന്നതാണ് ഗവേഷണ പ്രവർത്തനങ്ങൾ. നാളെയുടെ സാങ്കേതികത എന്ന് വിശേഷിപ്പിക്കപ്പെടുന്ന എ.ഐ. (ആർട്ടിഫിഷ്യൽ ഇന്റലിജൻസ്), ക്ലൗഡ് തുടങ്ങിയവയിൽ ആവശ്യമായ കഴിവുകൾ നേടുന്നതിന് സാംസങ് എൻജിനീയർമാരെ ഈ സഹകരണം സഹായിക്കും.

എസ്.ആർ.ഐ. നോയ്ഡ മാനേജിങ് ഡയറക്ടർ ക്യൂൻഗ്യൂൻ റൂ കാൺപൂർ ഐ.ഐ.ടി. റിസർച്ച് ആൻഡ് ഡെവലപ്പ്മെന്റ് ഡീൻ പ്രൊഫ.തരുൺ ഗുപ്ത എന്നിവരാണ് ധാരണാപത്രത്തിൽ ഒപ്പുവച്ചത്. കാൺപൂർ ഐ.ഐ.ടി.ഡയറക്ടർ പ്രൊഫ.എസ്.ഗണേഷ്, പ്രൊഫ. സന്ദീപ് വർമ്മ (കെമിസ്ട്രി ഡിപ്പാർട്ട്മെന്റ്), പ്രൊഫ.തുഷാർ സന്താൻ (ഇലക്ട്രിക്കൽ എൻജിനീയറിങ് വകുപ്പ്) സാംസങ് ഉന്നത പ്രതിനിധികൾ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

കാൺപൂർ ഐ.ഐ.ടിയുമായുള്ള സഹകരണത്തിൽ ഏറെ സന്തോഷമുണ്ടെന്ന് എസ്.ആർ.ഐ. നോയ്ഡ മാനേജിങ് ഡയറക്ടർ ക്യൂൻഗ്യൂൻ റൂ പറഞ്ഞു. പുതിയ കാലം ആവശ്യപ്പെടുന്ന തരത്തിലുള്ള കഴിവുകളോടെ കോഴ്സ് പൂർത്തിയാക്കി പുറത്തിറങ്ങാൻ വിദ്യാർത്ഥികളെ ഈ സഹകരണം സഹായിക്കും. അക്കാദമികമായ മികവ് വ്യാവസായിക മുന്നേറ്റത്തിനൊപ്പം ചേരുമ്പോൾ അത്ഭുതങ്ങൾ സൃഷ്ടിക്കാനാകും. ഈ കൂട്ടായ്മ അത്ഭുതങ്ങൾ സൃഷ്ടിക്കുമെന്നാണ് പ്രതീക്ഷ. പുത്തൻ ആശയങ്ങളും അറിവും കഴിവുമെല്ലാം ഒന്നുചേരുമ്പോൾ സമൂഹത്തിന്റെ ഗതിമാറ്റാൻ കെൽപ്പുള്ള പുത്തൻ കണ്ടുപിടുത്തങ്ങളാകാം. സാംസങ്ങിനും കാൺപൂർ ഐ.ഐ.ടിയ്ക്കുമൊപ്പം സമൂഹത്തിനാകെ ഈ കൂട്ടായ്മ ഗുണം ചെയ്യുമെന്ന് അദ്ദേഹം പറഞ്ഞു.

വിദ്യാർത്ഥികൾക്കും ഗവേഷകർക്കും പുത്തൻ സാങ്കേതികതയെ അടുത്തറിയുന്നതിനുള്ള അവസരമാണ് ഇതുവഴി ഒരുങ്ങുന്നതെന്ന് കാൺപൂർ ഐ.ഐ.ടി.ഡയറക്ടർ പ്രൊഫ.എസ്.ഗണേഷ് പറഞ്ഞു. കാൺപൂർ ഐ.ഐ.ടിയുടെ അക്കാദമിക് മികവും സാസംങ് ഇന്ത്യയുടെ സാങ്കേതികവൈദഗ്ധ്യവും ഒത്തുചേരുമ്പോൾ വിദ്യാർത്ഥികൾക്ക് വൻ അവസരമാണ് ഒരുങ്ങുന്നത്. പുസ്തകങ്ങളിൽ നിന്നുള്ള അറിവിനൊപ്പം വ്യാവസായിക മേഖലയിൽ നിന്നുള്ള പ്രായോഗിക പരിശീലനത്തിന് കൂടി അവസരം ലഭിക്കുന്നതോടെ അക്കാദമിക വ്യവസായിക മേഖലകൾ തമ്മിലുള്ള വിടവ് നികത്താനാകുമെന്നും അദ്ദേഹം പറഞ്ഞു.

സാങ്കേതികരംഗത്തെ മുന്നേറ്റങ്ങൾ അടുത്തറിയുന്നതിനുള്ള അവസരമാണ് ഈ സഹകരണം വഴി വിദ്യാർത്ഥികൾക്ക് ലഭിക്കുന്നതെന്ന് കാൺപൂർ ഐ.ഐ.ടി. റിസർച്ച് ആൻഡ് ഡെവലപ്പ്മെന്റ് ഡീൻ പ്രൊഫ.തരുൺ ഗുപ്ത പറഞ്ഞു. വിദ്യാർത്ഥികൾക്കും ഗവേഷകർക്കും സമാനതകളില്ലാത്ത അവസരമാണ് ഒരുങ്ങുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

വിപണിയുടെ ആവശ്യങ്ങളറിഞ്ഞുള്ള ഗവേഷണത്തിലാകും കാൺപൂർ ഐ.ഐ.ടിയിലെ വിദ്യാർത്ഥികളും അധ്യാപകരും പങ്കാളികളാവുക. സാംസങ്ങിലെ എൻജിനീയർമാർക്കൊപ്പം ഡിജിറ്റൽ ഇന്ത്യ പദ്ധതിയുമായി ബന്ധപ്പെട്ട ഗവേഷണപ്രവർത്തനങ്ങളിലും വിദ്യാർത്ഥികൾ സഹകരിക്കും. ഗവേഷണഫലങ്ങൾ സാംസങ്ങിലെ എൻജിനീയർമാരുമായി ചേർന്ന് വിദ്യാർത്ഥികൾക്ക് പ്രസിദ്ധീകരിക്കാനാകും.

സാംസങ്ങിലെ എൻജിനീയർമാർക്കും ഒരേ പോലെ ഗുണകരമാണ് ഈ സഹകരണം. എൻജിനീയർമാർക്കായി കാൺപൂർ ഐ.ഐ.ടി.പ്രത്യേക പരിശീലന പരിപാടികൾ സംഘടിപ്പിക്കും. കാൺപൂർ ഐ.ഐ.ടിയുടെ അക്കാദമിക് മികവ് എൻജിനീയർമാർക്ക് പ്രയോജനപ്പെടുത്താനാകും. ഡിഗ്രി പ്രോഗ്രാമുകൾ, സർട്ടിഫിക്കേഷൻസ്, പ്രത്യേകമായി രൂപകൽപ്പന ചെയ്ത കോഴ്സുകൾ എന്നിവയെല്ലാം സാസംങ്ങിന് കീഴിലുള്ള എൻജിനീയർമാരുടെ ശേഷി വികസനത്തിന് സഹായകമാകും.




# എപീജെ സുരേന്ദ്ര പാർക്ക് ഹോട്ടൽസ് ലിമിറ്റഡ് ഐപിഒ ഫെബ്രുവരി 5 മുതൽ

**കൊച്ചി:** ഇന്ത്യയിലെ മുൻനിര ഹോട്ടൽ ശൃംഖലയായ എപീജെ സുരേന്ദ്ര പാർക്ക് ഹോട്ടൽസ് ലിമിറ്റഡിന്റെ പ്രാഥമിക ഓഹരി വിൽപന (ഐപിഒ) 2024 ഫെബ്രുവരി 5 മുതൽ 7 വരെ നടക്കും. 920 കോടി രൂപ സമാഹരിക്കാനാണ് കമ്പനി ലക്ഷ്യമിട്ടിരിക്കുന്നത്.

600 കോടി രൂപയുടെ പുതിയ ഇക്വിറ്റി ഓഹരികളും പ്രമോട്ടർമാരുടെയും നിലവിലുള്ള നിക്ഷേപകരുടെയും 320 കോടി രൂപയുടെ ഇക്വിറ്റി ഓഹരികളുടെ ഓഫർ ഫോർ സെയിലുമാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഒരു രൂപ മുഖവിലയുള്ള ഓഹരി ഒന്നിന് 147 രൂപ മുതൽ 155 രൂപവരെയാണ് പ്രൈസ് ബാൻഡ് നിശ്ചയിച്ചിരിക്കുന്നത്. കുറഞ്ഞത് 96 ഓഹരികൾക്കും തുർന്ന് 96 ന്റെ ഗുണിതങ്ങൾക്കും അപേക്ഷിക്കാം. ഓഹരികൾ എൻഎസ്ഇയിലും ബിഎസ്ഇയിലും ലിസ്റ്റ് ചെയ്യും.

ജെഎം ഫിനാൻഷ്യൽ ലിമിറ്റഡ്, ആക്സിസ് ക്യാപിറ്റൽ ലിമിറ്റഡ്, ഐസിഐസിഐ സെക്യൂരിറ്റീസ് ലിമിറ്റഡ് എന്നിവരാണ് ഐപിഒയുടെ ബുക്ക് റണ്ണിങ് ലീഡ് മാനേജർമാർ.



**പദ്മ പുരസ്കാര ജേതാവായ പരിസ്ഥിതി പ്രവർത്തകയും ന്യൂഡൽഹി സെന്റർ ഫോർ സയൻസ് എൻവയൺമെന്റ് (സിഎസ്ഇ) ഡയറക്ടർ ജനറലുമായ സുനിത നരെയ്ൻ ന്യൂഡൽഹി ഹാബിറ്റാറ്റ് സെന്ററിൽ നടന്ന ഗ്രീൻ സ്കൂൾസ് കാർണിവലിൽ ഗ്ലോബൽ ദി ഗ്രീൻ സ്കൂൾ കോ ഓർഡിനേറ്റർ കുസും റിച്ചാർഡിന് സർട്ടിഫിക്കറ്റ് നൽകുന്നു**

# ഐ ടി മേഖലയിൽ തൊഴിലവസരങ്ങൾ

കൊച്ചി : കേരളത്തിലെ പ്രധാനപ്പെട്ട ഐ ടി കമ്പനിയിലേക്കുള്ള അസാപ് കേരളയുടെ ആഭിമുഖ്യത്തിൽ നടത്തുന്ന വിവിധ തൊഴിൽ അഭിമുഖങ്ങൾക്ക് 2022 2023 വർഷം പാസായ ബിരുദധാരികൾക്ക് ഇപ്പോൾ അപേക്ഷിക്കാം. തിരുവനന്തപുരം, കൊച്ചി എന്നിവിടങ്ങളിലായാണ് അവസരങ്ങൾ. 10, +2, ബിരുദം, ബിരുദാനന്തര ബിരുദം, എന്നിവയിൽ 60 ശതമാനത്തിൽ കുറയാതെ മാർക്കുള്ള ബി ടെക് (കമ്പ്യൂട്ടർ സയൻസ് , ഐ.ടി), എം സി എ പാസായവർക്ക് അപേക്ഷിക്കാം. നൂറോളം ഒഴിവുകളാണ് പ്രതീക്ഷിക്കുന്നത്. അപേക്ഷിക്കേണ്ട അവസാന തീയതി ഫെബ്രുവരി 4. കൂടുതൽ വിവരങ്ങൾക്ക്: 9495999617, 949599701, www.asapkerala.gov.in

# കീച്ചേരി ഹോളി ഫാമിലി ചർച്ച് തിരുനാൾ 2 മുതൽ

കാഞ്ഞിരമറ്റം: കീച്ചേരി ഹോളി ഫാമിലി ചർച്ച് തിരുക്കുടുംബത്തിന്റെ ദർശനത്തിരുന്നാളും വി.സെബസ്ത്യാനോസിന്റെ തിരുനാളും സംയുക്തമായി ഫെബ്രുവരി 2 മുതൽ 4 വരെ ആഘോഷിക്കും. ദേവാലയ കൂദാശയുടെ സിൽവർ ജൂബിലിയും ഇതോടൊപ്പം നടക്കുമെന്ന് വികാരി ഫാ. അനിൽ കിളിയേൽകുടി അറിയിച്ചു. ഫെബ്രുവരി രണ്ടിന് രാവിലെ 6.45 ന് ഫാ. സെബാസ്റ്റ്യൻ കല്ലറയ്ക്കലിന്റെ നേതൃത്വത്തിൽ വിശുദ്ധ കുർബാന. വൈകിട്ട് ആറിന് കൊടിയേറ്റ്. മൂന്നിന് വി.സെബസ്ത്യാനോസിന്റെ തിരുനാൾ ദിനത്തിൽ രാവിലെ 6.45 ന് തിരുനാൾ ദിവ്യബലി നടക്കും. വികാരിമാരായ ആന്റണി വട്ടപ്പറമ്പിൽ, വിനു കുന്നേൽ, ഫ്രഡി കോട്ടൂർ, സെബാസ്റ്റ്യൻ കല്ലറയ്ക്കൽ എന്നിവർ കാർമികത്വം വഹിക്കും. വൈകിട്ട് 5.15 ന് രൂപം എഴുന്നള്ളിപ്പ്, അഞ്ചരയ്ക്ക് വേസ്പര. തുടർന്ന് സെന്റ് സെബാസ്റ്റ്യൻ, സെന്റ്.ജോർജ് കപ്പേളകളിലേക്ക് തിരുനാൾ പ്രദക്ഷിണം. നാലിന് തിരുനാൾ ദിനത്തിൽ രാവിലെ 6.45 ന് വി.കുർബാന തുടർന്ന് രാവിലെ 9 മണിക്ക് തിരുനാൾ ദിവ്യബലി. തുടർന്ന് സെന്റ്.ജോർജ് കപ്പേള ഭാഗത്തേക്ക് തിരുനാൾ പ്രദക്ഷിണം. വൈകിട്ട് ഏഴ് മണിക്ക് ഗാനമേള.അഞ്ചിന് മരിച്ചവരുടെ ഓർമ്മദിനത്തിൽ രാവിലെ ആറരയ്ക്ക് വി.കുർബാനയും സെമിത്തേരി സന്ദർശനവും നടക്കും.

# ഐസിഐസിഐ പ്രുഡൻഷ്യൽ സീറോ സറണ്ടർ ചാർജുകളോടെ ആന്വിറ്റി പ്ലാൻ അവതരിപ്പിച്ചു

**കോഴിക്കോട്:** ഐസിഐസിഐ പ്രുഡൻഷ്യൽ ലൈഫ് ഇൻഷുറൻസ് ബെനഫിറ്റ് എൻഹാൻസറോടുകൂടിയ ഐസിഐസിഐ പ്രു ഗ്യാരന്റീഡ് പെൻഷൻ പ്ലാൻ ഫ്ളെക്സി പുറത്തിറക്കി. ഉപയോക്താക്കൾക്ക് പ്രീമിയം വാങ്ങിയ അന്നു മുതൽ എപ്പോൾ വേണമെങ്കിലും അടച്ച പ്രീമിയം 100 ശതമാനം തിരികെ ലഭിക്കുന്നതിനുള്ള സൗകര്യം ലഭ്യമാക്കുന്ന, ഇൻഷുറൻസ് മേഖലയിലെ ആദ്യത്തെ ആന്വിറ്റി പ്ലാനാണിത്. വിരമിക്കൽ ആസൂത്രണത്തിന് തയ്യാറെടുക്കുന്ന ഉപയോക്താക്കൾക്ക് ഉണ്ടായേക്കാവുന്ന എല്ലാ ആശങ്കകളും പരിഹരിക്കുന്ന സൗകര്യങ്ങൾ ഇതിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. പോളിസി ഉടമകൾക്ക് ജീവിച്ചിരിക്കുന്നിടത്തോളം കാലം വരുമാനം ലഭ്യമാകുന്ന സിംഗിൾ ലൈഫ് ഓപ്ഷനോ മരണശേഷം ജീവിത പങ്കാളിക്ക്, കുട്ടികൾക്ക്, മാതാപിതാക്കൾക്ക് അല്ലെങ്കിൽ സഹോദരങ്ങൾക്ക് വരുമാനം ലഭ്യമാകുന്ന ജോയിന്റ് ലൈഫ് ഓപ്ഷനോ തെരഞ്ഞെടുക്കാൻ അവസരമുണ്ട്. ജോയിന്റ് ലൈഫ് ഓപ്ഷനിൽ പോളിസി ഉടമ മരണപ്പെട്ടാൽ പിന്നീടുള്ള എല്ലാ പ്രീമിയവും ഒഴിവാക്കപ്പെടുകയും രണ്ടാം അവകാശിക്ക് ആജീവനാന്ത സ്ഥിര വരുമാനം ലഭിക്കുകയും ചെയ്യും. അപ്രതീക്ഷിത സാമ്പത്തിക ബാധ്യതകൾ മറികടക്കാൻ ഉപയോക്താക്കളെ സഹായിക്കുന്നതിന് ഈ പദ്ധതി വായ്പ സൗകര്യവും നൽകുന്നുണ്ട്.

# പി ആൻറ് ടി കോളനി നിവാസികൾക്ക് ഗൃഹപ്രവേശം; താക്കോൽ കൈമാറി

**കൊച്ചി:** പി. ആൻറ് ടി കോളനിയുടെ പുനരധിവാസ പ്രവർത്തനങ്ങൾ പൂർത്തികരിച്ചു. 3 വർഷം മുമ്പ് ഇപ്പോഴത്തെ ഭരണസമിതി അധികാരത്തിൽ ഏൽക്കുമ്പോൾ അനിശ്ചിതത്വത്തിൽ ആയിരുന്ന നിർമ്മാണ പ്രവർത്തനങ്ങളാണ് ജി.സി.ഡി. എ യുടെ സഹകരണത്തോടെ പൂർത്തികരിച്ചത്. നിർമ്മാണം പൂർത്തികരിച്ചിട്ടും, അംഗീകരിക്കപ്പെട്ട ലിസ്റ്റിലെ മാറ്റങ്ങൾ പ്രധാന തടസ്സമായിരുന്നു. സിറ്റി പ്രോജക്ട് ഓഫീസർ ഡോ. ചിത്രയുടെ നേതൃത്വത്തിൽ തയ്യാറാക്കിയ അർഹരായ 77 പേരുടെ ലിസ്റ്റ് കൗൺസിൽ ഏകകണ്ഠമായി പാസാക്കി. അർഹരായ ഗുണഭോക്താക്കൾക്ക് താക്കോൽ കൈമാറി. മുണ്ടംവേലിയിലെ ജി സി ഡി എ വിട്ട് നൽകിയ സ്ഥലത്ത് പി എം എ വൈ ലൈഫ് പദ്ധതി പ്രകാരം നിർമ്മിച്ച ഫ്ളാറ്റുകളിലാണ് കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നത്. 86 യൂണിറ്റുകളിലായി 83 വ്യക്തിഗത അപ്പാർട്ട്മെൻറുകളും 3 പൊതുസൗകര്യങ്ങളും അടങ്ങുന്നതാണ് ഫ്ളാറ്റ് സമുച്ചയം. 375 സ്ക്വയർ ഫീറ്റിലായി 2 കിടപ്പ് മുറികൾ, ലിവിങ് റൂം, ഡൈനിങ് റൂം, കിച്ചൺ, ടോയ്ലറ്റ് എന്നിവയാണ് അപ്പാർട്ട്മെൻറിലുള്ളത്. സംസ്ഥാന സർക്കാറിൻറേ ലൈഫ് പദ്ധതിയിൽ രാമേശ്വരം വില്ലേജിലെ മുണ്ടംവേലിയിൽ ജി.സി.ഡി.എ യുടെ 70 സെൻറ് ഭൂമിയിലാണ് ഫ്ളാറ്റുകൾ നിർമ്മിച്ചിരിക്കുന്നത്. കെട്ടിടം സ്ഥിതി ചെയ്യുന്ന വാർഡ് കൗൺസിലർ അദ്ധ്യക്ഷനായി 77 താമസക്കാർ ഉൾപ്പെട്ട റസിഡൻറ്സ് അസോസിയേഷൻ രൂപികരിച്ച് അതിൽ നിന്ന് തിരഞ്ഞെടുക്കപ്പെടുന്ന ഭാരവാഹികളായിരിക്കും ഫ്ളാറ്റിൻറെ നടത്തിപ്പ് ചുമതല. 2023 സെപ്റ്റംബർ 2 ന് ആണ് തദ്ദേശ സ്വയ ഭരണ വകുപ്പ് മന്ത്രി എം.ബി. രാജേഷ് ഫ്ളാറ്റിൻറെ ഉദ്ഘാടനം നിർവ്വഹിച്ചത്.ചടങ്ങിൽ മേയറോടൊപ്പം വിവിധ സ്ഥിരം സമിതി ചെയർമാൻ, ചെയർപേഴ്സൺമാരും, കൗൺസിലർമാരും, സിറ്റി പ്രോജക്ട് ഓഫീസർ ഡോ. ചിത്ര, കോർപ്പറേഷൻ സെക്രട്ടറി എന്നിവരും പങ്കെടുത്തു.




# ഇന്ത്യയിലെ ആദ്യ എഎംടി സിഎൻജി കാറുകളുടെ ബുക്കിംഗ് ആരംഭിച്ച് ടാറ്റ മോട്ടോർസ്

**കൊച്ചി:** ഇന്ത്യയിലെ മുൻനിര വാഹന നിർമാതാക്കളായ ടാറ്റ മോട്ടോർസ് രാജ്യത്താദ്യമായി സിഎൻജി കാർ മോഡലുകളിൽ എഎംടി അവതരിപ്പിച്ചുകൊണ്ട് സിഎൻജി മേഖലയിൽ വിപ്ലവകരമായ മാറ്റത്തിന് തുടക്കം കുറിക്കുന്നു. ടിയാഗോ, ടിഗോർ ഐസിഎൻജി എഎംടി മോഡലുകളുടെ ബുക്കിംഗ് ആരംഭിച്ചു. സിഎൻജി കാറുകളിൽ ഏറ്റവും ആവശ്യമുള്ള ബൂട്ട് സ്പേസ് ഫ്രീ അപ്പ് ചെയ്യുന്നതിനായി ടിൻ സിലിണ്ടർ സിഎൻജി ടെക്നോളിയിലൂടെ സിഎൻജി വാഹനങ്ങളിലെ ഓട്ടോമാറ്റിക് ട്രാൻസ്മിഷൻ അവതരിപ്പിച്ചുകൊണ്ട് ടാറ്റ മോട്ടോർസ് പുതിയൊരു ട്രെൻഡ് തന്നെ ഈ മേഖലയിൽ സൃഷ്ടിക്കുകയാണ്.

സുരക്ഷിതത്വം ഉറപ്പുനൽകുന്നതും ഏറ്റവും സുഖകരമായതും സൗകര്യപ്രദവുമായ രൂപകൽപ്പനയും അതിനൊപ്പം സിഎൻജി മിതവ്യയവും മറ്റ് അനുകൂല ഫീച്ചറുകളും ഉപഭോക്താക്കൾക്ക് നേട്ടങ്ങളാകുന്നു. സമീപത്തുള്ള ടാറ്റ മോട്ടോർസിന്റെ ഓതറൈസ്ഡ് ഡീലർഷിപ്പ് മുഖേനയോ, ഓൺലൈനായോ ഉപഭോക്താക്കൾ അവരുടെ താത്പര്യത്തിനു യോജിച്ച കാർ മോഡൽ ബുക്ക് ചെയ്യാം. 21,000 രൂപ മുതലാണ് ബുക്കിംഗ് തുക. തഅ ഇചഏ, തദഅ + ഇചഏ, തദഅ ചഞഏ എന്നീ 3 വേരിയന്റുകളിലാണ് ടിയാഗോ ഐസിഎൻജി എഎംടി അവതരിപ്പിച്ചിരിക്കുന്നത്. തദഅ ഇചഏ, തദഅ + ഇചഏ എന്നീ വേരിയന്റുകളിലാണ് ടിഗോർ ഐസിഎൻജി എഎംടി അവതരിപ്പിക്കുന്നത്.

കൂടാതെ, നിലവിലുള്ള നിറങ്ങൾക്ക് പുറമേ, ടിയാഗോയിൽ പുതിയ ടൊർണാഡോ ബ്ലൂ, ടിയാഗോ എൻആർജിയിൽ ഗ്രാസ്ലാൻഡ് ബീജെ, ടിഗോറിൽ മീറ്റിയർ ബ്രോൺസ് എന്നീ നിറങ്ങളും കമ്പനി പുതുതായി അവതരിപ്പിച്ചിട്ടുണ്ട്.

ലോഞ്ച് മുതൽ തന്നെ ഉപഭോക്താക്കൾക്കിടയിൽ അംഗീകാരം നേടുവാൻ ടിയാഗോയ്ക്കും, ടിഗോറിനും സാധിച്ചിട്ടുണ്ട്. ആകർഷകമായ ഡിസൈൻ, സുരക്ഷാ ഫീച്ചറുകൾ, മനോഹരവും സൗകര്യപ്രദവുമായ ഇന്റീരിയർ, ഏറ്റവും മികവുറ്റ സാങ്കേതികത തുടങ്ങിയ കാരണങ്ങളാൽ യുവാക്കളായ ഉപഭോക്താക്കൾ ഈ മോഡലുകളിൽ വലിയ രീതിയിൽ ആകൃഷ്ടരാകുന്നു.

വഹാൻ റിപ്പോർട്ട് പ്രകാരം 2023 സാമ്പത്തിക വർഷവുമായി താരതമ്യം ചെയ്യുമ്പോൾ 2024 സാമ്പത്തിക വർഷത്തിൽ 40.5% വളർച്ചയാണ് സിഎൻജി ഇൻഡസ്ട്രി സ്വന്തമാക്കിയിട്ടുള്ളത്. ടിയോഗോ, ടിഗോർ, ആൾട്രോസ്, പഞ്ച് എന്നിങ്ങനെ വിപുലമായ പോർട്ട് ഫോളിയോയാണ് സിഎൻഡജി മേഖലയിലുള്ളത്.

# കേരളത്തിലെ യുവതലമുറ സാമൂഹ്യ പ്രതിബദ്ധതയുള്ളവർ: മുഖ്യമന്ത്രി

**തിരുവനന്തപുരം:** സാമൂഹ്യ പ്രതിബദ്ധതയുടെ കാര്യത്തിൽ കേരളത്തിലെ യുവതലമുറയിൽ ഒരു കുറവുമുണ്ടായിട്ടില്ലെന്നും ഒറ്റപ്പെട്ട ചില സംഭവങ്ങൾ ചൂണ്ടിക്കാട്ടി അതു സമൂഹത്തിന്റെയാകെ പ്രതിഫലനമായി വരുത്തി തീർക്കാൻ ശ്രമിക്കേണ്ടതില്ലെന്നും മുഖ്യമന്ത്രി പിണറായി വിജയൻ. സംസ്ഥാന യുവജന കമ്മിഷൻ 'യുവജന ശാക്തീകരണം സാധ്യതകളും വെല്ലുവിളികളും' എന്ന വിഷയത്തിൽ സംഘടിപ്പിക്കുന്ന ദ്വിദിന ദേശീയ സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു മുഖ്യമന്ത്രി.

കേരള സമൂഹത്തിന്റെ ഏതു സാഹചര്യത്തിലും ചലനാത്മകമായി ഇടപെടുന്ന നിർണായക ഘടകമാണു യുവജനങ്ങളെന്നു മുഖ്യമന്ത്രി ചൂണ്ടിക്കാട്ടി. യുവതലമുറ പലകാര്യങ്ങളിലും പിന്നിലാണെന്ന പ്രതികരണങ്ങൾ പല കോണുകളിൽനിന്നുമുണ്ടാകുന്നുണ്ട്. വിശദമായി പരിശോധിച്ചാൽ അവയെല്ലാം വസ്തുതയില്ലാത്തതാണെന്നു വ്യക്തമാകും. 2018ലെ പ്രളയകാലത്തും തുടർന്നുണ്ടായ മഹാമാരിക്കാലത്തും കേരള സമൂഹത്തിന്റെ അതിജീവനത്തിനും മുന്നോട്ടുപോക്കിനും ഇവിടുത്തെ യുവജനങ്ങൾ വഹിച്ച പങ്ക് മഹത്തരമാണ്. പ്രളയകാലത്ത് ആരുടേയും നിർദേശത്തിനു കാത്തുനിൽക്കാതെയാണു രക്ഷാപ്രവർത്തനത്തിന് അവർ ഇറങ്ങിയത്. കോവിഡ് മഹാമാരികാലത്തു ലോകത്തിനുമുന്നിൽ അപൂർവത സൃഷ്ടിക്കാൻ കേരളത്തിനു കഴിഞ്ഞതു നമ്മുടെ യുവതലമുറയുടെ ഇടപെടലുകൾ കൊണ്ടാണ്. വിവിധ മേഖലകളിൽ പ്രയാസത്തിന്റെ ഘട്ടമുണ്ടായപ്പോഴെല്ലാം യുവതയുടെ സജീവ ഇടപെടലുണ്ടായിട്ടുണ്ട്.

ഇത്തരം ഇടപെടലുകൾ ആവശ്യമായ അവസരങ്ങളിൽ ഇവയിൽനിന്നെല്ലാം മാറിനിൽക്കുന്നവരുണ്ടാകാം. അവരെ ആരോഗ്യകരമായ ചിന്താപഥത്തിലേക്ക് എത്തിക്കേണ്ട ശ്രമകരമായ ദൗത്യം യുവജന കമ്മിഷൻ പോലുള്ളവർ ഏറ്റെടുക്കണം. ലഹരിക്ക് അടിമപ്പെടുന്നവരെ അതിൽനിന്നു പൂർണമായി പിന്തിരിപ്പിക്കാൻ കഴിയണം. നല്ലതോതിലുള്ള കൂട്ടായ്മ നിലനിന്നിരുന്ന സമൂഹമാണു കേരളത്തിന്റേത്. എന്നാൽ കാലത്തിന്റെ മാറ്റങ്ങൾക്കനുസരിച്ചു ചില മാറ്റങ്ങൾ അക്കാര്യത്തിലും സംഭവിച്ചിട്ടുണ്ട്. കൂട്ടായ്മകൾക്കു കുറവുണ്ടായിട്ടുണ്ട്. കൂട്ടായ്മയുടെ ഭാഗമായിരുന്നവർ വീടുകളിലേക്ക് ഒതുങ്ങി. അവിടെനിന്ന് ഫോണും നമ്മളും എന്ന നിലയിലേക്കു ചുരുങ്ങുന്ന സ്ഥിതിയുമായിട്ടുണ്ട്.

സാമൂഹ്യപ്രതിബദ്ധതയും പൊതുധാരയും കേരള സമൂഹത്തിൽ ശക്തമാണ്. ഈ ധാരയിൽനിന്ന് അകന്നുനിൽക്കുന്നവരെ അവിടേയ്ക്ക് എത്തിക്കാനുള്ള ശക്തമായ ശ്രമങ്ങളുണ്ടാകണം. പ്രതിസന്ധികളെ എങ്ങനെ നേരിടണമെന്ന പൊതുബോധം സൃഷ്ടിക്കാനാകണം. സമൂഹത്തിന്റെ ഹാപ്പിനസ് എന്നതു പ്രധാനമാണ്. എത്ര സമ്പത്തുണ്ടായാലും ഹാപ്പിനസ് ഉണ്ടാകണമെന്നില്ല. മികച്ച ജീവിത സൗകര്യങ്ങളും സാഹചര്യങ്ങളുമുണ്ടാകണം. അതിനുള്ള ശ്രമത്തിലാണു സർക്കാർ. ലൈഫ് പദ്ധതിയിലൂടെ വീടില്ലാത്തവർക്കു വീടു നൽകുന്നതും ആർദ്രം പദ്ധതിയിലൂടെ മികച്ച ആരോഗ്യ സംവിധാനം രൂപപ്പെടുത്തുന്നതും പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലൂടെ മെച്ചപ്പെട്ട വിദ്യാഭ്യാസ സ്ഥാപനങ്ങൾ സൃഷ്ടിക്കുന്നതുമെല്ലാം ഇതു ലക്ഷ്യംവച്ചാണെന്നും മുഖ്യമന്ത്രി പറഞ്ഞു.

തിരുവനന്തപുരം പ്രിയദർശിനി പ്ലാനറ്റോറിയം ഹാളിൽ നടന്ന ചടങ്ങിൽ ഫിഷറീസ്, സാംസ്കാരിക, യുവജനകാര്യ വകുപ്പ് മന്ത്രി സജി ചെറിയാൻ അധ്യക്ഷത വഹിച്ചു. പങ്കെടുത്തു. രണ്ടു ദിവസത്തെ സമ്മേളനം ഇന്നുസമാപിക്കും.




# ഗിഫ്റ്റ് സിറ്റിയിലെ തങ്ങളുടെ ആദ്യ ഇടപാടുമായി ഐഒസി ഗ്ലോബൽ ക്യാപിറ്റൽ മാനേജ്മെന്റ് ഐഎഫ്എസ്സി ലിമിറ്റഡ്

**കൊച്ചി:** ഇന്ത്യൻ ഓയിലിന്റെ പൂർണ ഉടമസ്ഥതയിലുള്ള ഉപസ്ഥാപനമായ ഐഒസി ഗ്ലോബൽ ക്യാപിറ്റൽ മാനേജ്മെന്റ് ഐഎഫ്എസ്സി ലിമിറ്റഡ് (ഐജിസിഎംഐഎൽ) തങ്ങളുടെ ആദ്യ ഇടപാട് ഗാന്ധിനഗറിലെ ഗിഫ്റ്റ് സിറ്റിയിൽ നടത്തി. ഇന്ത്യൻ ഓയിലിന്റെ നിലവിലുള്ള ഇസിബി (എക്സ്റ്റേണൽ കൊമേഴ്സ്യൽ ബോറോവിംഗ്) ലോൺ റീഫിനാൻസ് ചെയ്യുന്നതിനായി സിംഗപ്പൂരിലെ ഡിബിഎസ് ബാങ്കിൽ നിന്ന് 100 മില്യൺ യുഎസ് ഡോളറിന്റെ ലോൺ സമാഹരണത്തിന്റെ ഇടപാടിന്റെ ടേം ഷീറ്റിൽ ഡയറക്ടർ (ഐജിസിഎംഐഎൽ) ശ്രീ രുചിർ അഗർവാളും ഡിബിഎസ് ബാങ്ക് സീനിയർ വൈസ് പ്രസിഡന്റ് വികാസ് ഓം സഹായും ഒപ്പുവച്ചു. ഗിഫ്റ്റ് സിറ്റി ചെയർമാൻ ഡോ. ഹസ്മുഖ് ആദിയ, ഇന്ത്യൻ ഓയിൽ ചെയർമാൻ ശ്രീകാന്ത് മാധവ് വൈദ്യ, ഇന്ത്യൻ ഓയിൽ ഡയറക്ടർ (ഫിനാൻസ്) ശ്രീ. അനുജ് ജെയിൻ, ഐ.ജി.സി.എം.ഐ.എൽ ചെയർമാനും കോർപ്പറേറ്റ് ഓഫീസ് എക്സിക്യൂട്ടീവ് ഡയറക്ടറുമായ (ഫിനാൻസ്) സഞ്ജയ് കൗശൽ, ഇന്ത്യൻ ഓയിലിന്റെ സീനിയർ മാനേജ്മെന്റ് അംഗങ്ങൾ എന്നിവർ ഈ സുപ്രധാന ചടങ്ങിൽ പങ്കെടുത്തു.

"ഐജിസിഎംഐഎൽ വഴി, ഞങ്ങളുടെ വിദേശ നിക്ഷേപങ്ങൾക്ക് കൂടുതൽ യോജിപ്പും നിയന്ത്രണവും കൊണ്ടുവരാനും ഞങ്ങളുടെ സാമ്പത്തിക പ്രവർത്തനങ്ങൾ ഒപ്റ്റിമൈസ് ചെയ്യാനും ആഗോള സാന്നിധ്യം വർദ്ധിപ്പിക്കാനും ഞങ്ങൾ ലക്ഷ്യമിടുന്നു. ഇന്ത്യൻ ഓയിലിന്റെ പുനരുപയോഗ പദ്ധതികൾ ഉൾപ്പെടെയുള്ള വിപുലമായ മൂലധന ചെലവ് പദ്ധതികൾക്കായി വിദേശ നിക്ഷേപം ആകർഷിക്കാൻ ഐജിസിഎംഐഎൽ ഒരു പ്ലാറ്റ്ഫോം നൽകും. കഏഇങകഘ ഏറ്റെടുക്കുന്ന ഒരു സംരംഭം കപ്പൽ ഏറ്റെടുക്കൽ, ധനസഹായം, പാട്ടത്തിനെടുക്കൽ എന്നീ മേഖലകളിലാണ്; ഈ ഡൊമെയ്നിലേക്ക് കടക്കുന്നതിലൂടെ, ജിയോപൊളിറ്റിക്കൽ ഡൈനാമിക്സിന്റെ പ്രവചനാതീതതയിൽ നിന്ന് ഞങ്ങളുടെ കമ്പനിയെ ഇൻസുലേറ്റ് ചെയ്യാനും ദീർഘകാലത്തേക്ക് ഞങ്ങളുടെ ഊർജ്ജ വിതരണ ശൃംഖല സുരക്ഷിതമാക്കാനും ഞങ്ങൾ ലക്ഷ്യമിടുന്നു.' ഈ നാഴികക്കല്ല് നേട്ടത്തെ അഭിനന്ദിച്ചുകൊണ്ട് വൈദ്യ പറഞ്ഞു.

# കല്യാൺ ജൂവലേഴ്സിന് മൂന്നാം പാദത്തിൽ 180 കോടി രൂപ ലാഭം

**കൊച്ചി:** ഈ സാമ്പത്തിക വർഷത്തിൻറെ മൂന്നാം പാദത്തിൽ കല്യാൺ ജൂവലേഴ്സിൻറെ ആകമാന വിറ്റുവരവ് 5223 കോടി രൂപയായി ഉയർന്നു. കഴിഞ്ഞ വർഷം അത് 3884 കോടി രൂപ ആയിരുന്നു. വിറ്റുവരവിൽ 34 ശതമാനം വളർച്ച രേഖപ്പെടുത്തി. ഈ സാമ്പത്തിക വർഷത്തിൻറെ മൂന്നാം പാദത്തിൽ ആകമാന ലാഭം 180 കോടി രൂപയായി ഉയർന്നു. കഴിഞ്ഞ സാമ്പത്തിക വർഷത്തിൻറെ മൂന്നാം പാദത്തിൽ ആകമാന ലാഭം 148 കോടി ആയിരുന്നു. 22 ശതമാനം വളർച്ചയാണ് രേഖപ്പെടുത്തിയത്.

സാമ്പത്തിക വർഷത്തിൻറെ മൂന്നാം പാദത്തിൽ ഇന്ത്യയിൽ നിന്നുള്ള വിറ്റുവരവ് കഴിഞ്ഞ വർഷത്തെ 3219 കോടി രൂപയിൽ നിന്ന് 4512 കോടി രൂപയായി ഉയർന്നു. 40 ശതമാനം വളർച്ചയാണ് ഇന്ത്യൻ വിറ്റുവരവിലുണ്ടായത്. ഇന്ത്യയിൽ നിന്നുള്ള ആകമാന ലാഭം 133 കോടി രൂപയിൽ നിന്നു 168 കോടി രൂപയായി ഉയർന്നു. 26 ശതമാനം വളർച്ച.

ഈ സാമ്പത്തിക വർഷത്തിൻറെ മൂന്നാം പാദത്തിൽ കമ്പനിയുടെ ഗൾഫ് മേഖലയിൽ നിന്നുള്ള




വിറ്റുവരവ് 683 കോടി രൂപയാണ്. കഴിഞ്ഞ വർഷം ഇതേ കാലയളവിൽ അത് 641 കോടി രൂപ ആയിരുന്നു മൂന്നാം പാദത്തിൽ കമ്പനിയുടെ ഗൾഫ് മേഖലയിൽ നിന്നുള്ള ലാഭം 14 കോടി രൂപയാണ്. കഴിഞ്ഞ വർഷം അത് 17 കോടി രൂപ ആയിരുന്നു.

കമ്പനിയുടെ ലൈഫ്സ്റ്റൈൽ ബ്രാൻഡായ കാൻഡിയറിൻറെ ഈ സാമ്പത്തിക വർഷത്തിൻറെ മൂന്നാം പാദത്തിലെ വിറ്റുവരവ് 29 കോടി രൂപയാണ്. കഴിഞ്ഞ വർഷത്തിൽ ഇതേ പാദത്തിൽ അത് 44 കോടി ആയിരുന്നു . ഈ വർഷം കാൻഡിയർ 1.6 കോടി രൂപ നഷ്ടം രേഖപ്പെടുത്തി. കഴിഞ്ഞ വർഷം 1.7 കോടി രൂപ നഷ്!ടം ആയിരുന്നു.

ഈ വർഷത്തെ ഇതുവരെ ഉള്ള കമ്പനിയുടെ പ്രവർത്തനം വളരെ സംതൃപ്തി നല്കുന്നതായിരുന്നുവെന്നും ആദ്യ ഒമ്പത് മാസങ്ങളിൽ ആകമാന വിറ്റുവരവിൽ ഏകദേശം 31 ശതമാനം വളർച്ച രേഖപ്പെടുത്തിയെന്നും കല്യാൺ ജൂവലേഴ്സ് എക്സിക്യൂട്ടീവ് ഡയക്ടർ രമേശ് കല്യാണരാമൻ പറഞ്ഞു.




# ഗ്രാൻഡ് സ്റ്റുഡന്റ്സ് ഇന്നവേഷൻ പ്രദർശനം

**കൊച്ചി:** നീതി ആയോഗിന്റെ അടൽ ഇന്നവേഷൻ മിഷനുമായി സഹ കരിച്ച്, തൃശൂർ കുരിയച്ചിറയിലെ സെന്റ് പോൾസ് സിജിഎച്ച്എസ്എ സിൽ ഒപ്പോ ഇന്ത്യ അടൽ ടിങ്കറിംഗ് ലാബ് (എടിഎൽ) സ്ഥാപിച്ചതിന്റെ ഒന്നാം വാർഷികം ആഘോഷിച്ചു. ഇതിന്റെ ഭാഗമായി ഗ്രാൻഡ് സ്റ്റുഡന്റ്സ് ഇന്നവേഷൻ പ്രദർശനം നടത്തി. സെന്റ് പോൾസിലെയും അടുത്തുള്ള സർക്കാർ സ്കൂളുകളിലെയുംവിദ്യാർഥികൾ റോബോട്ടിക്സ്, ഇലക്ട്രോണിക്സ്, റാപ്പിഡ് പ്രോട്ടോടൈപ്പിംഗ് എന്നിവയിൽ കഴിഞ്ഞ ഒരു വർഷത്തിനിടെ വികസിപ്പിച്ചപ്രോജക്ടുകൾ പ്രദർശിപ്പിച്ചു. പൊതുസ്വകാര്യ പങ്കാളിത്ത മാതൃകയിലാണ് ടിങ്കറിംഗ് ലാബ് സ്ഥാപിച്ചത്.

# ഇന്ത്യയിലെ ഏറ്റവും വേഗത്തിൽ വളരുന്ന പെയിൻറ് കമ്പനിയായി ജെ എസ് ഡബ്ള്യൂ പെയിൻറ്സ്

**കൊച്ചി:** ഇന്ത്യയിലെ മുൻനിര പരിസ്ഥിതി സൗഹൃദ പെയിൻറ് കമ്പനിയും 23 ബില്യൺ യുഎസ് ഡോളറിന്റെ ആസ്തിയുള്ള ജെഎസ്ഡബ്ല്യൂ ഗ്രൂപ്പിന്റെ ഭാഗവുമായ ജെഎസ്ഡബ്ല്യൂ പെയിന്റ്സ് 5 വർഷം മുമ്പാണ് ആരംഭിച്ചത്. ആരംഭം മുതൽ വ്യാവസായിക വളർച്ചയിൽ 5 മടങ്ങ് വർദ്ധനവ് രേഖപ്പെടുത്തിയിരുന്നു.

JSW PAINTS
Think Beautiful

2022 സാമ്പത്തിക വർഷത്തിൽ 1,000 കോടി മറികടന്ന ജെ.എസ്.ഡബ്ള്യൂ പെയിൻറ്സ് ഇപ്പോൾ 15 മാസത്തിനുള്ളിൽ രൂപ. 2,000 കോടി എന്ന റൺ റേറ്റിലെത്തിയിരിക്കുന്നു കൂടാതെ 2,000 കോടി രൂപയിൽ കൂടുതൽ വിറ്റുവരവോടെ 2024 സാമ്പത്തിക വർഷം അവസാനിപ്പിക്കാനുള്ള ലക്ഷ്യത്തിലാണ്. നടപ്പു സാമ്പത്തിക വർഷത്തിൽ 9 മാസത്തിനുള്ളിൽ 1,500 കോടി രൂപ മറികടന്നതിനാൽ, കുറഞ്ഞ കാലയളവിൽ അടുത്ത 1,000 കോടി രൂപ വരുമാനം കൂടി കൈവരിക്കാൻ കഴിയുമെന്ന ആത്മവിശ്വാസത്തിലാണ് കമ്പനി. ഈ നാഴികക്കല്ലുകൾ ജെ.എസ്.ഡബ്ള്യൂ പെയിൻറ്സിനെ വേറിട്ട നിലവാരത്തിലെത്തിക്കുകയും രാജ്യത്തെ ആറാമത്തെ ഏറ്റവും വലിയ പെയിൻറ് പ്ലെയർ എന്ന നിലയിൽ നിന്ന് അടുത്ത കുറച്ച് വർഷത്തിനുള്ളിൽ തന്നെ ഏറ്റവും മികച്ച 4ൽ ഇടം നേടാൻ കമ്പനിയെ സജ്ജമാക്കുകയും ചെയ്യുന്നു.

# ഇന്ത്യവുഡ് 2024 ഫെബ്രുവരി 22 മുതൽ 26 വരെ ബെംഗലൂരുവിൽ

**കൊച്ചി:** ഫർണീച്ചറുകൾ, വുഡ് എന്നിവയുമായി ബന്ധപ്പെട്ട സമഗ്ര പ്രദർശനമായ ഇന്ത്യ വുഡ് 2024 ഫെബ്രുവരി 22 മുതൽ 26 വരെ ബെംഗലൂരു അന്താരാഷ്ട്ര എക്സിബിഷൻ സെന്ററിൽ നടക്കും. അൻപതിലേറെ രാജ്യങ്ങളിൽ നിന്നായുള്ള 950ൽ ഏറെ കമ്പനികളും 75,000 വ്യവസായ സന്ദർശകരുമായിരിക്കും ഇതിൽ പങ്കെടുക്കുക. വിവിധ ഉൽപന്നങ്ങൾ, ഘടകങ്ങൾ, ഈ മേഖലയുമായി ബന്ധപ്പെട്ട അനുബന്ധ വിഭാഗങ്ങൾ എന്നിവയെല്ലാം പ്രദർശനത്തിനുണ്ടാകും. ഇന്ത്യാ മാട്രസ്ടെക് ആന്റ് അഫോൾസ്റ്ററി പ്രദർശനം, വുഡ് പ്ലസ് ആർക്കിടെക്, ഡിസൈൻ ആന്റ് സർഫസ് തുടങ്ങിയ അനുബന്ധ പ്രദർശനങ്ങളും ഇതോടൊപ്പം നടത്തും. ഈ രംഗത്തെ ഏറ്റവും പുതിയ പ്രവണതകൾ നേരിട്ടു മനസിലാക്കാനുള്ള അപൂർവ്വ അവസരമാണ് ഈ പരിപാടികൾ പ്രദാനം ചെയ്യുന്നത്. ഫർണീച്ചർ ഉൽപാദന മേഖലയിലെ മാറ്റങ്ങൾക്ക് ഒരു ചാലക ശക്തിയായി ഇതു വർത്തിക്കുമെന്ന് ന്യൂൺബർഗ് മെസ്സെ ഇന്ത്യ ഗ്രൂപ്പ് ഡയറക്ടർ ശിവകുമാർ വേണുഗോപാൽ പറഞ്ഞു

# ലോഞ്ച് പാഡ് സംരംഭകത്വ വർക്ക് ഷോപ്പ്

**കൊച്ചി:** പുതിയ സംരംഭം തുടങ്ങാൻ താത്പര്യപ്പെടുന്ന സംരംഭകർക്കായി വ്യവസായ വാണിജ്യ വകുപ്പിന്റെ സംരംഭകത്വ വികസന സ്ഥാപനമായ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ എന്റർപ്രണർഷിപ്പ് ഡെവലപ്പ്മെന്റ് 5 ദിവസത്തെ വർക്ക് ഷോപ്പ് സംഘടിപ്പിക്കുന്നു.

സംരംഭകൻ/സംരംഭക ആവാൻ ആഗ്രഹിക്കുന്നവർക്ക് ഫെബ്രുവരി 5 മുതൽ 9 വരെ കളമശ്ശേരിയിലുള്ള കീഡ് ക്യാമ്പസിൽ നടക്കുന്ന പരിശീലനത്തിൽ പങ്കെടുക്കാം. പുതിയ സംരംഭകർ നിർബന്ധമായും അറിഞ്ഞിരിക്കേണ്ട ബിസിനസിന്റെ നിയമ വശങ്ങൾ, ഐഡിയ ജനറേഷൻ, പ്രൊജക്റ്റ് റിപ്പോർട് തയ്യാറാക്കുന്ന വിധം, സെയിൽസ് ആഴ്റ് മാർക്കറ്റിങ്, ബാങ്കിൽ നിന്ന് ലഭിക്കുന്ന സാമ്പത്തിക സഹായങ്ങൾ, ജി.എസ്.ടി, സംരംഭം തുടങ്ങാനാവശ്യമായ ലൈസൻസുകൾ, വിജയിച്ച സംരംഭകന്റെ അനുഭവം പങ്കിടൽ, തുടങ്ങിയ നിരവധി സെഷനുകൾ ആണ് ഉൾപെടുത്തിയിരിക്കുന്നത്.ഓൺലൈനായി ഫെബ്രുവരി 2 മുമ്പ് അപേക്ഷ സമർപ്പിക്കേണ്ടതാണ്. തിരഞ്ഞെടുക്കപ്പെടുന്ന 35 പേർ മാത്രം ഫീസ് അടച്ചാൽ മതി. കൂടുതൽ വിവരങ്ങൾക്ക് ഫോൺ 0484 2532890/2550322/9605542061.

# ഏകദിന വർക്ക്ഷോപ്പ്

**കൊച്ചി:** സംരംഭകർക്കായി വ്യവസായ വാണിജ്യ വകുപ്പിന്റെ സംരംഭകത്വ വികസന സ്ഥാപനമായ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ എന്റർപ്രണർഷിപ്പ് ഡവലപ്പ്മെഴ്റ് ബാർകോഡിങ് ആഴ്റ് ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റ് വിഷയത്തെ ആസ്പദമാക്കി ഏകദിന വർക്ഷോപ്പ് സംഘടിപ്പിക്കുന്നു.

സംരംഭകൻ/സംരംഭക ആവാൻ ആഗ്രഹിക്കുന്നവർക്കും നിലവിൽ സംരംഭം ഉള്ളവർക്കും ഫെബ്രുവരി 5ാം തിയതി രാവിലെ 10 മുതൽ അങ്കമാലിയിലുള്ള കീഡിന്റെ എന്റെർപ്രൈസ് ഡെവലപ്മെന്റ് സെഴ്ററിൽ (ഇ.ഡി.സി) നടക്കുന്ന പരിശീലനത്തിൽ പങ്കെടുക്കാം. ബാർകോഡുകളിലേക്കും ബാർകോഡിംഗ് സാങ്കേതിക വിദ്യയിലേക്കുമുള്ള ആമുഖം, വിവിധ തരത്തിലുള്ള ബാർകോഡുകൾക്ക് ഉള്ള വ്യവസായ മാനദണ്ഡങ്ങൾ, ടോട്ടൽ ക്വാളിറ്റി മാനേജ്മന്റ്റ് നടപ്പിലാക്കുന്നതിലെ വെല്ലുവിളികൾ, തുടങ്ങിയ നിരവധി സെഷനുകൾ ആണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

പരിശീലനം തികച്ചും സൗജന്യമാണ്. കൂടുതൽ വിവരങ്ങൾക്ക് ഫോൺ 0484 2532890/2550322/9567538749.

# അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** കേന്ദ്ര ഗവൺമെൻറ് നടപ്പിലാക്കുന്ന ഭക്ഷ്യ സംസ്കരണ സംരംഭങ്ങളുടെ രൂപവത്കരണ പദ്ധതി (യുടെ ഭാഗമായി ജില്ലാതല റിസോഴ്സ് പേഴ്സൺ മാരെ നിയമിക്കുന്നതിന് അപേക്ഷ ക്ഷണിച്ചു.

യോഗ്യത: വിരമിച്ച സർക്കാർ അർദ്ധ സർക്കാർ ഉദ്യോഗസ്ഥർ /ബാങ്ക് ഒഫീഷ്യൽസ് /ഇൻഷുറൻസ് ഏജൻസ് /ബാങ്ക് മിത്രാസ് /ഇൻഡിവിജ്വൽ പ്രൊഫഷണൽസ് ( ഭക്ഷ്യ സാങ്കേതിക വിദ്യയിൽ ഡിപ്ലോമ /ഡിഗ്രി അല്ലെങ്കിൽ ഭക്ഷ്യ എൻജിനീയറിങ്/ ഭക്ഷ്യ സംസ്കരണ വ്യവസായങ്ങൾക്ക് വേണ്ടിയുള്ള കൺസൽട്ടൻസി സേവനങ്ങൾ നൽകുന്നതിൽ അനുഭവപരിചയം അഭികാമ്യം). മേൽ യോഗ്യത ഉള്ളവരുടെ അഭാവത്തിൽ ഏതെങ്കിലും വിഷയത്തിൽ ബിരുദം, ബാങ്കിങ്ങിലും ഡിപിആർ തയ്യാറാക്കുന്നതിലും പരിചയമുള്ളവരേയും പരിഗണിക്കും. അപേക്ഷകർ വെള്ളപേപ്പറിൽ തയ്യാറാക്കിയ അപേക്ഷയും യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ പകർപ്പു സഹിതം ഫെബ്രുവരി 03 നു മുമ്പായി എറണാകുളം ജില്ലാ വ്യവസായ കേന്ദ്രത്തിൽ നൽകേണ്ടതാണ്.കൂടുതൽ വിവരങ്ങൾക്ക് ഫോൺ 0484 2421461, 7907025326

# അഭിമുഖം

**കൊച്ചി:** മൂവാറ്റുപുഴ ജനറൽ ആശുപത്രിയിലെ വിമുക്തി ഡിഅഡിക്ഷൻ സെന്ററിൽ മെഡിക്കൽ ഓഫീസറിന്റെയും ക്ലിനിക്കൽ സൈക്കോളജിസ്റ്റിന്റെയും നിലവിലുള്ള ഓരോ ഒഴിവുകളിലേയ്ക്ക് താല്ക്കാലികാടിസ്ഥാനത്തിൽ നിയമിക്കുന്നതിന് അഭിമുഖം നടത്തുന്നു. ഫെബ്രുവരി മൂന്നിന് രാവിലെ 11 ന് എറണാകുളം ജില്ലാ മെഡിക്കൽ ഓഫീസറുടെ ചേമ്പറിലാണ് അഭിമുഖം.

എം ബി ബി എസ് അല്ലെങ്കിൽ തുല്യ യോഗ്യത കോഴ്സ് /മനഃശാസ്ത്രത്തിൽ ബിരുദാനന്തര ബിരുദം,ട്രാവൻകൂർ കൊച്ചിൻ മെഡിക്കൽ കൗൺസിലിൽ അംഗീകാരമുള്ള രജിസ്ട്രേഷൻ എന്നി യോഗ്യതകൾ ഉള്ളവർക്ക് മെഡിക്കൽ ഓഫീസർ തസ്തികയിലേക്കും ക്ലിനിക്കൽ സൈക്കോളജിയിൽ എം ഫിൽ അല്ലെങ്കിൽ ആർ സി ഐ അംഗീകൃത യൂണിവേഴ്സിറ്റി/കോളേജ്/കേരള സർക്കാരിന്റെ ഉടമസ്ഥതയിലുള്ള സ്ഥാപനം/നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഗവ. ഓഫ് ഇന്ത്യ/യു ജി സി അംഗീകൃത സർവ്വകലാശാല തുടങ്ങിയ ഏതെങ്കിലും സ്ഥാപനത്തിൽ നിന്നും തത്തുല്യമായ രണ്ട് വർഷത്തെ കോഴ്സ്, റിഹാബിലിറ്റേഷൻ കൗൺസിൽ ഓഫ് ഇന്ത്യ ക്ലിനിക്കൽ സൈക്കോളജിസ്റ്റായി രജിസ്ട്രേഷൻ തുടങ്ങിയ യോഗ്യതകൾ ഉള്ളവർക്ക് ക്ലിനിക്കൽ സൈക്കോളജിസ്റ്റ് തസ്തികയിലേക്കും അപേക്ഷിക്കാം.




# തയ്യൽ തൊഴിലാളികൾ ക്ഷേമനിധി ഓഫിസ് ധർണ നടത്തി

**കൊച്ചി :** തയ്യൽ തൊഴിലാളി ക്ഷേമനിധിയിലെ അംശാദായം 20 രൂപയിൽ നിന്ന് 50 രൂപയായി വർധിപ്പിച്ചിട്ടും റിട്ടയർമെന്റ് ആനുകൂല്യം ഇപ്പോൾ നൽകി വരുന്നതിന്റെ പകുതിയിൽ താഴെയായി കുറച്ചതിൽ പ്രതിഷേധിച്ച് ഓൾ കേരള ടെയ്ലേഴ്സ് അസ്സോസിയേഷന്റെ നേതൃത്വത്തിൽ തയ്യൽ തൊഴിലാളികൾ സംസ്ഥാന വ്യാപകമായി പ്രഖ്യാപിച്ച സമരത്തിന്റെ ഭാഗമായി ജില്ലാ ക്ഷേമനിധി ഓഫീസിന് മുന്നിൽ ധർണ നടത്തി.

ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ പാലാരിവട്ടം ജംഗ്ഷനിൽ നിന്ന് പ്രകടനമായി എത്തിയാണ് പ്രവർത്തകർ ധർണ നടത്തിയത്. ജില്ലാ പ്രസിഡന്റ് ടി.ആർ നളിനാക്ഷൻ അധ്യക്ഷത വഹിച്ചു. സംസ്ഥാന സെക്രട്ടറി എ.എസ് കുട്ടപ്പൻ ഉദ്ഘാടനം ചെയ്തു.

ട്രഷറർ ഷീല മത്തായി, എ.കെ അശോകൻ, അബ്ദുൾ റസാഖ്, കെ.എ ബാബു, ജോസ് തോട്ടപ്പിള്ളി, എം.എസ് ഉണ്ണികൃഷ്ണൻ എന്നിവർ സംസാരിച്ചു.

# ഇൻഡെൽ മണി 200 കോടി രൂപ കടപ്പത്രങ്ങളിലൂടെ സമാഹരിക്കുന്നു

**കൊച്ചി:** രാജ്യത്തെ അതിവേഗം വളരുന്ന ബാങ്കിംഗ് ഇതര ധനകാര്യ സ്ഥാപനങ്ങളിലൊന്നായ ഇൻഡെൽ മണി ലിമിറ്റഡ് സുരക്ഷിതമായ കടപ്പത്രങ്ങളുടെ (എൻ സി ഡി) നാലാമത്തെ പബ്ലിക് ഇഷ്യു പ്രഖ്യാപിച്ചു. 1000 രൂപ മുഖവിലയുള്ള ഓഹരികളാക്കി മാറ്റാനാവാത്ത കടപ്പത്രങ്ങളാണ് പുറത്തിറക്കുന്നത്.




2024 ജനുവരി 30 ന് ആരംഭിക്കുന്ന ഇഷ്യു ഫെബ്രുവരി 12 തിങ്കളാഴ്ച അവസാനിക്കും. നിശ്ചിത സമയത്തിനു മുമ്പു തന്നെ കൂടുതൽ സബ്സ്ക്രിബ്ഷനുകൾ ലഭിച്ചാൽ ഇഷ്യു അവസാനിപ്പിക്കാൻ വ്യവസ്ഥയുണ്ട്. വാർഷിക കൂപ്പൺ നിരക്ക് 12.25 ശതമാനമാണ്. കടപ്പത്രങ്ങളുടെ കാലാവധി 366 ദിവസം മുതൽ 72 മാസം വരെയാണ്. ചുരുങ്ങിയ നിക്ഷേപം പതിനായിരം രൂപയാണ് (10 കടപ്പത്രങ്ങൾ). 72 മാസ കാലയളവിൽ നിക്ഷേപം ഇരട്ടിയാകും.

തുടക്കത്തിൽ 100 കോടി രൂപയുടെ കടപ്പത്രങ്ങളാണിറക്കുന്നതെങ്കിലും 200 കോടി രൂപ വരെ സമാഹരിക്കാൻ അനുമതിയുണ്ട്. വിവ്രോ ഫിനാൻഷ്യൽ സർവീസസ് ആണ് ലീഡ് മാനേജർ. കടപ്പത്രങ്ങളിലൂടെ സമാഹരിക്കുന്ന പണം സ്വർണപ്പണയ വായ്പകൾക്കും മറ്റ് ധനകാര്യ സേവനങ്ങൾക്കും, കമ്പനിയുടെ കടം തിരിച്ചടക്കുന്നതിനുമാണ് ഉപയോഗിക്കുക. നേരത്തേ 3 ഘട്ടങ്ങളിലായി ഇഷ്യു ചെയ്ത കടപ്പത്രങ്ങളിലൂടെ കമ്പനി 260 കോടി രൂപ സമാഹരിച്ചിട്ടുണ്ട്. സ്വർണവായ്പ നൽകുന്ന എൻബിഎഫ്സികളിൽ ഏറ്റവും ഉയർന്ന വളർച്ചാ നിരക്കാണ് ഇൻഡെൽ മണിക്കുള്ളത്. പ്രവർത്തനച്ചെലവ് പരമാവധി ചുരുക്കിക്കൊണ്ട് ശാഖകളുടെ ഉൽപാദന ക്ഷമത വർധിപ്പിക്കുന്നതിലാണ് കമ്പനി ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. രാജ്യത്ത് സ്വർണപ്പണയത്തിൻമേൽ ദീർഘകാല വായ്പകൾ വിതരണം ചെയ്യുന്ന ചുരുക്കം കമ്പനികളിലൊന്നാണ് ഇൻഡെൽ മണി.

ഇൻഡെൽ മണിയുടെ വിപണന തന്ത്രം രൂപപ്പെടുത്തിയിരിക്കുന്നത് വിപണിയിൽ കമ്പനിക്കുള്ള മത്സരക്ഷമതയുടെ അടിസ്ഥാനത്തിലാണെന്ന് ഇൻഡെൽ മണി എക്സിക്യൂട്ടീവ് ഡയറക്ടർ ഉമേഷ് മോഹനൻ പറഞ്ഞു. 'ഇത് സ്വർണ വായ്പാ രംഗത്ത് ഞങ്ങളുടെ സാന്നിധ്യവും നിലയും വർധിപ്പിക്കാൻ സഹായകരമാകുന്നു. ഏറെ വെല്ലുവിളികളുണ്ടായിട്ടും ഈ സാമ്പത്തിക വർഷത്തിന്റെ ഒന്നാം പാദത്തിൽ കമ്പനിയുടെ ലാഭക്ഷമതയിൽ 568.86 ശതമാനം മുന്നേറ്റം കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. കമ്പനി കൈകാര്യം ചെയ്യുന്ന ആസ്തികളിലെ വൻ വളർച്ചയും, സ്വർണ വായ്പയ്ക്കുള്ള ഉയർന്ന ഡിമാൻഡും, പുതിയ വിപണികളിലേക്കുള്ള വ്യാപനവും, പ്രവർത്തന മികവുമാണ് ഇതിന് സഹായിച്ചത്. ഈ കടപ്പത്ര വിതരണത്തിലൂടെ പുതിയ ധനാഗമന മാർഗങ്ങൾ കണ്ടെത്താനാകും.' ഉമേഷ് മോഹനൻ പറഞ്ഞു.

2025 ഓടെ വടക്കു കിഴക്കൻ സംസ്ഥാനങ്ങളിലുൾപ്പടെ 12 സംസ്ഥാനങ്ങളിലായി 425 ശാഖകളാക്കി ഉയർത്താനാണ് ഇൻഡെൽ മണി ലക്ഷ്യമിടുന്നത്.

# ഐഎച്ച്ആർഡി നാഷണൽ ടെക്നിക്കൽ ഫെസ്റ്റ് ഇന്നു മുതൽ

**തിരുവനന്തപുരം:** ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹ്യൂമൻ റിസോഴ്സ് ഡെവലപ്മെന്റ് (ഐഎച്ച്ആർഡി) നാഷണൽ ടെക്നിക്കൽ ഫെസ്റ്റിവൽ നടത്തുന്നു. ‘ഐഎച്ച്ആർഡി തരംഗ് 2ഗ24‘ എന്ന പേരിൽ നടത്തുന്ന സാങ്കേതികസാംസ്കാരികസംരംഭകത്വമേള ഫെബ്രുവരി ഒന്നു മുതൽ നാല് വരെ കോഴിക്കോട് കോളേജ് ഓഫ് അപ്ലൈഡ് സയൻസിൽ നടക്കും.

ടെക്നിക്കൽ ഫെസ്റ്റ് ഫെബ്രുവരി ഒന്നിന് രാവിലെ 10 ന് ഉന്നത വിദ്യാഭാസ സാമൂഹ്യനീതി വകുപ്പ് മന്ത്രി ഡോ.ആർ.ബിന്ദു ഉദ്ഘാടനം ചെയ്യും.

IHRD ഡയറക്ടർ ഡോ.വി.എ അരുൺകുമാർ സ്വാഗതം ആശംസിക്കുന്ന ചടങ്ങിൽ ബഹു. കോഴിക്കോട് മേയർ ബീന ഫിലിപ്പ് അധ്യക്ഷത വഹിക്കും. പത്മശ്രീ കൈതപ്രം ദാമോദരൻ നമ്പൂതിരി മുഖ്യാതിഥിയാകും.

ഫെബ്രുവരി 2 ന് വിവിധ സെമിനാറുകളും, ആർട്ടിഫിഷ്യൽ ഇന്റലിജൻസിനെ അടിസ്ഥാനമാക്കിയുള്ള വർക്ക് ഷോപ്പുകളും ഉണ്ടാകും. ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ സാധ്യതകൾ ഉപയോഗിച്ച് നിർമ്മിച്ച സിനിമാ ഫെസ്റ്റും അരങ്ങേറും. വൈകീട്ട് 5 മണിക്ക് സിനിമാ നാടക നടൻ സന്തോഷ് കീഴാറ്റൂർ കലാപരിപാടികളുടെ മുഖ്യ അതിഥിയാകും.

ഫെബ്രുവരി 3ന് വൈകീട്ട് 5 മണിക്ക് പ്രമുഖ എഴുത്തുകാരി ഇന്ദു മേനോൻ വിദ്യാർത്ഥികളുമായി സംവദിക്കും. തുടർന്ന് വിവിധ കലാപരിപാടികൾ അരങ്ങേറും.

ഫെബ്രുവരി 4 ന് നടക്കുന്ന സമാപന സമ്മേളനം മന്ത്രി ആർ.ബിന്ദു ഉദ്ഘാടനം ചെയ്യും പൊതുമരാമത്ത് ടൂറിസം വകുപ്പ് മന്ത്രി മുഹമ്മദ് റിയാസ് വിശിഷ്ടാതിഥിയാകും.

എഞ്ചിനിയറിങ് കോളേജുകൾ, ആർട്സ് ആൻഡ് സയൻസ് കോളേജുകൾ, പോളിടെക്നിക് കോളേജുകൾ, ടെക്നിക്കൽ സ്കൂളുകൾ തുടങ്ങി കേരള സർക്കാർ ഉടമസ്ഥതയിലുള്ള 87 സ്ഥാപനങ്ങൾ ഉൾക്കൊള്ളുന്ന വിദ്യാഭ്യാസ മേഖലയിലെ വിപുലമായ ശൃംഖലയാണ് ഐ.എച്ച്.ആർ.ഡി. ശാസ്ത്രസാങ്കേതിക രംഗങ്ങളിലെ നൂതന ആശയങ്ങൾ അവതരിപ്പിക്കുന്ന നാഷണൽ ടെക്ഫെസ്റ്റിന്റെ രണ്ടാം പതിപ്പിൽ ഐ.എച്ച്.ആർ.ഡിയുടെ മുഴുവൻ സ്ഥാപനങ്ങൾക്കും, പുറമെ വിവിധ ജില്ലകളിലെ സ്കൂളുകളും, രാജ്യത്തെ വിവിധ എഞ്ചിനിയറിംഗ്, ആർട്സ് ആൻഡ് സയസ് കോളേജുകളും, പോളിടെക്നിക്കുകളും പങ്കെടുക്കും.

നിത്യജീവിതത്തിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ സാധ്യതകളും ഉപയോഗങ്ങളും അന്വേഷിക്കുന്നതാണ് ഈ വർഷത്തെ ടെക് ഫെസ്റ്റിന്റെ പ്രത്യേകത. പൂർണമായും പരിസ്ഥിതി സൗഹാർദ്ദ അന്തരീക്ഷത്തിൽ നടക്കുന്ന ‘തരംഗ് 2ഗ24‘ മലബാറിലെ ആദ്യത്തെ വിപുലമായ ടെക് ഫെസ്റ്റാണ്.

## ക്ഷീര വികസന വകുപ്പ് മാധ്യമ അവാർഡ്: അപേക്ഷകൾ ക്ഷണിച്ചു

**തിരുവനന്തപുരം:** ക്ഷീര വികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ 2024 ഫെബ്രുവരിയിൽ ഇടുക്കി അണക്കരയിൽ നടക്കുന്ന 2023 24 വർഷത്തെ സംസ്ഥാന ക്ഷീര സംഗമം ‘പടവ് 2024‘നോടനുബന്ധിച്ച് ക്ഷീര മേഖലയിലെ മാധ്യമ ഇടപെടലുകൾ കൂടുതൽ ശക്തമാക്കുന്നതിന് മാധ്യമ പ്രവർത്തകരുടെ സൃഷ്ടികൾക്ക് പുരസ്ക്കാരങ്ങൾ നൽകുന്നു.

പൊതുവിഭാഗത്തിൽ ക്ഷീര വികസനവുമായി ബന്ധപ്പെട്ട മികച്ച പത്ര റിപ്പോർട്ട്, പത്ര ഫീച്ചർ, ഫീച്ചർ/ലേഖനം (കാർഷിക മാസികകൾ), പുസ്തകം (ക്ഷീര മേഖല), ശ്രവ്യ മാധ്യമ ഫീച്ചർ, ദൃശ്യ മാധ്യമ റിപ്പോർട്ട്, ദൃശ്യ മാധ്യമ ഫീച്ചർ, ദൃശ്യ മാധ്യമ ഡോക്കുമെന്ററി/ മാഗസിൻ പ്രോഗ്രാം, ഫോട്ടോഗ്രാഫ് (‘ക്ഷീരമേഖല കരുതലിന്റെ സ്നേഹസ്പർശം‘ എന്ന വിഷയത്തിൽ) എന്നീ വിഭാഗങ്ങളിലും, ക്ഷീര വികസന വകുപ്പ് ഉദ്യോഗസ്ഥർക്ക് മികച്ച ഫീച്ചർ ദിനപ്പത്രം, ആനുകാലികം, ഫോട്ടോഗ്രാഫ് (‘ക്ഷീരമേഖല കരുതലിന്റെ സ്നേഹസ്പർശം‘ എന്ന വിഷയത്തിൽ) എന്നീ വിഭാഗങ്ങളിലുമാണ് പുരസ്ക്കാരങ്ങൾക്കായി അപേക്ഷകൾ ക്ഷണിച്ചത്.

എൻട്രികൾ 2023 ജനുവരി ഒന്നു മുതൽ 2023 ഡിസംബർ 31 വരെയുള്ള കാലയളവിൽ പ്രസിദ്ധപ്പെടുത്തിയതായിരിക്കണം. മത്സരം സംബന്ധിച്ചുള്ള നിബന്ധനകളും അപേക്ഷാഫോറത്തിന്റെ മാതൃകയും വകുപ്പിന്റെ വെബ്സൈറ്റിൽ നിന്നും (www.dairydevelopment.kerala.gov.in) ലഭ്യമാകും. വിജയികൾക്ക് 25,000 രൂപ ക്യാഷ് അവാർഡും ഫലകവും പ്രശസ്തി പത്രവും നൽകുന്നതായിരിക്കും.

അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി 2024 ഫെബ്രുവരി 12 വൈകിട്ട് 5. ജോയിന്റ് ഡയറക്ടർ (സ്റ്റേറ്റ് ഡയറി ലാബ്), ക്ഷീരവികസന വകുപ്പ് ഡയറക്ടറേറ്റ്, പട്ടം പി.ഒ, തിരുവനന്തപുരം 695004 എന്ന വിലാസത്തിലാണ് അപേക്ഷകൾ അയക്കേണ്ടത്. കൂടുതൽ വിവരങ്ങൾക്ക് 9495818683, 9995240861, 9446467244 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.



തിരുവാണിയൂർ ഗ്ലോബൽ പബ്ലിക് സ്കൂൾ സംഘടിപ്പി ജില്ല ക്ളാസിക് കപ്പ് ഫുട്ബോളിൽ ജേതാക്കളായ എളമക്കര ഭവൻസ് സ്കൂൾ ടീമുകൾ

## ഭവൻസ്, ചോയ്സ്, ചിന്മയ, ഗ്ലോബൽ പബ്ലിക് സ്കൂൾ ചാമ്പ്യന്മാർ

**കൊച്ചി:** തിരുവാണിയൂർ ഗ്ലോബൽ പബ്ലിക് സ്കൂൾ സംഘടിപ്പിച്ച ഏഴാമത് ക്ലാസിക് കപ്പ് ജില്ലാ ഫുട്ബോൾ ടൂർണ്ണമെന്റിൽ അണ്ടർ 11, അണ്ടർ 15 വിഭാഗങ്ങളിൽ എളമക്കര ഭവൻസ് സ്കൂൾ ചാമ്പ്യന്മാരായി. ഇരു വിഭാഗങ്ങളിലും ഗ്ലോബൽ പബ്ലിക് സ്കൂളാണ് റണ്ണേഴ്സ് അപ്പ്.

ഇതിനൊപ്പം നടന്ന രണ്ടാമത് സൂപ്പർ സെർവ് ബാഡ്മിന്റൺ അണ്ടർ 13 പെൺകുട്ടികളുടെ വിഭാഗത്തിൽ ഗ്ലോബൽ പബ്ലിക് സ്കൂളും അണ്ടർ 16 ആൺകുട്ടികളുടെ വിഭാഗത്തിൽ ദി ചോയ്സ് സ്കൂളും കിരീടം ചൂടി. യഥാക്രമം വെസ്റ്റ് കൊച്ചി ചിന്മയ വിദ്യാലയയും ഗ്ലോബൽ പബ്ലിക് സ്കൂളുമാണ് റണ്ണേഴ്സ് അപ്പ്.

വിജയികൾക്ക് ഗ്ലോബൽ പബ്ലിക് സ്കൂൾ പ്രിൻസിപ്പൽ സരിത ജയരാജ് ട്രോഫിയും സർട്ടിഫിക്കറ്റും സമ്മാനിച്ചു.പതിനഞ്ച് സ്കൂളുകളിൽ നിന്നായി 16 വയസു വരെയുള്ള മൂന്നുറോളം കുട്ടികളാണ് തിരുവാണിയൂർ ഗ്ലോബൽ പബ്ലിക് സ്കൂൾ സംഘടിപ്പിച്ച ജില്ലാതല ഫുട്ബോൾ, ബാഡ്മിന്റൺ ടൂർണമെന്റുകളിൽ പങ്കെടുത്തത്.


